Talented Bankers Literary Panel
പുസ്തക പരിചയം 271

നഗ്നരും നരഭോജികളും
വേണു

പുസ്തകം പരിചയപ്പെടുത്തുന്നത്,
ഉണ്ണികൃഷ്ണൻ ഐ,
സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ,
ആർബിഓ 2, തൃശൂർ.

പ്രശസ്ത ക്യാമറമാൻ വേണു. നൂറിലധികം ചലചിത്രങ്ങൾക്ക് ഛായാഗ്രഹണം നടത്തിയ അദ്ദേഹം, ഒരു മാസത്തോളം ഗോത്രസമൂഹങ്ങളിലൂടെ നടത്തിയ ഏകാന്ത സഞ്ചാരത്തിന്റെ അനുഭവങ്ങളാണ് മികച്ച യാത്രാവിവരണത്തിനുള്ള സാഹിത്യ അക്കാദമി അവാർഡ് ലഭിച്ച "നഗ്നരും നരഭോജികളും".

ദണ്ഡകാരണ്യ വനങ്ങളിലൂടെ, ഇന്ദ്രാവതിയുടെയും ഗോദാവരിയുടെയും തടങ്ങളിലൂടെ ആദിവാസി ജീവിതം തേടിയൊരു യാത്ര..... വാല്മീകിയുടെ രാക്ഷസരാജ്യമാണത്രെ ദണ്ഡകാരുണ്യം.... രാമായണത്തിൽ രാമലക്ഷ്മണന്മാരുടെ വനവാസ പശ്ചാത്തലം.... ഇന്ത്യയിലെ ഏറ്റവും കൂടുതൽ ആദിവാസി സമൂഹമുള്ള വനമേഖല..ആന്ധ്രയും ഛത്തീസ്ഗഡും ഒഡീഷ്യയുമൊക്കെയായി വ്യാപിച്ചു കിടക്കുന്ന പ്രദേശം... പക്ഷികളും ചതുപ്പും പുഴകളും കാടുമൊക്കെയായി പ്രകൃതിയിൽ ലയിച്ചു ജീവിക്കുന്ന ഗോത്രസമൂഹത്തിൽ ഒരു മാസത്തോളം അദ്ദേഹം സഞ്ചരിച്ചു..
ആന്ധ്രയിലെ മുളകുപാടങ്ങളിലൂടെ തുടങ്ങി ഒഡിഷയിലെ ചിൽക്കാ കായൽ വരെ....

ഫോട്ടോഗ്രാഫർ ആയതുകൊണ്ട്, എഴുത്തിനൊപ്പം അല്ലെങ്കിൽ അതിനേക്കാൾ ഒരുപിടി മുന്നിൽ നിൽക്കുന്നത് ഇതിലെ പിടയ്ക്കുന്ന ചിത്രങ്ങളാണ്. മികച്ച വാർണിഷ് പേപ്പറിൽ അച്ചടിച്ച പുസ്തകത്തിലെ ഓരോ പേജിലും ജീവൻ തുടിക്കുന്ന ഓരോ ചിത്രങ്ങളുണ്ട് .... ഗ്രാമങ്ങളുടെ, ഗ്രാമീണരുടെ, അവരുടെ ആഘോഷങ്ങളുടെ, ആചാരങ്ങളുടെ, മണ്ണിന്റെ, പ്രകൃതിയുടെ, പക്ഷികളുടെ അത്യുഗ്ര കളർ ഫോട്ടോകൾ....
ഫോട്ടോകൾ മാത്രം മതി പുസ്തകത്തിന്റെ കാശ് മുതലാവാൻ... ആ ചിത്രങ്ങളിലൂടെ കയറി ഇറങ്ങുമ്പോൾ നമ്മളും ആ വനഭൂമിയിലൂടെ സഞ്ചരിക്കുകയാണെന്ന് തോന്നും....

ആദിവാസികളുടെ ജീവിതവും ലോകവുമാണ് ഈ യാത്രയിൽ എഴുത്തുകാരനായ ചിത്രകാരൻ നമുക്ക് കാട്ടിത്തരുന്നത് ... അവരുടെ സ്പർശനവും ഗന്ധവും നമ്മൾ അറിയുന്നു.... പാർശ്വവൽക്കരിക്കപ്പെട്ട,

ഇന്നും ചൂഷണം ചെയ്യപ്പെടുന്ന ഒരു ജനതയുടെ നിഷ്കളങ്കതയും സന്തോഷവും ബുദ്ധിമുട്ടുകളും ദർശിച്ചുകൊണ്ട് നിങ്ങൾക്കും ഒരു യാത്രചെയ്യാനാവും,
ഒരു പുസ്തകത്തിന്റെ വില മാത്രം നൽകിക്കൊണ്ട്....

മനോരമയാണ് പ്രസാധകർ
വില 390 രൂപ